വഴിവെളിച്ചം

# ശാപം വധത്തിന് തുല്യം

عن عمران بن الحُصيْن (ر) قَال : بَيَنمَا رَسُولُ اللَّه ﷺ فِى بَعْضِ اَسْفارِه وَامْرَاَةٌ مِن الاَنْصَارِ على نَاقَةٍ فضَجَرَتْ فَلَعَنَهَا فَسَمِعَ ذَلِكَ رَسُولُ اللَّه ﷺ فَقَالَ : خُذُوا مَا عَلَيْها وَدَعُوهَا فَإِنَّهَا مَلعُونَةٌ . قَالَ عِمْرَان فَكَأَنِّى أَرَاهَا الآن تَمْشِي فِى النَّاسِ مَا يَعرِضُ لَهَا اَحَدٌ . (مُسلِم)

**ഇംറാനുബ്നു ഹുസൈനി(റ)ൽനിന്ന് നിവേദനം: നബി(സ) ഒരിക്കൽ യാത്രയിലായിരിക്കേ അൻസ്വാരികളിൽപെട്ട ഒരു പെണ്ണ് യാത്ര ചെയ്യാൻ മടികാണിച്ച തന്റെ ഒട്ടകത്തെ ശപിക്കുന്നത് കേട്ടു. അവിടുന്ന് പറഞ്ഞു: "അതിന്മേലുള്ളത് എടുത്തിട്ട് അതിനെ വിട്ടേക്കൂ! നിശ്ചയം അത് ശാപമേറ്റതാണ്." ഇംറാൻ പറഞ്ഞു: "ജനങ്ങൾക്കിടയിലൂടെ അത് അലഞ്ഞുതിരിയുന്നത് ഞാൻ ഇപ്പോഴും കാണുന്നു. ആരും അതിനെ ശ്രദ്ധിക്കാറേയില്ല."**

**ശാപവും** അതിനെ തുടർന്നുണ്ടായ നാശവും സൂചിപ്പിക്കുന്ന ഹദീസാണിത്. നമ്മുടെ നിത്യജീവിതത്തിൽ നിയന്ത്രണമില്ലാതെയും അസ്ഥാനത്തും പ്രയോഗിക്കുന്ന ശാപവാക്കുകൾ ഏറ്റവും ഗൗരവമുള്ള ഒന്നത്രെ. മറ്റുള്ളവരുടെ നാശത്തിന് വേണ്ടി ആഗ്രഹിക്കുന്ന ദുഷ്പ്രവണതയാണിത്. തന്റെ വെറുപ്പും ദേഷ്യവും ശാപവാക്കുകളിലൂടെ പ്രകടിപ്പിക്കുമ്പോൾ അതൊരു വൻകുറ്റമാണെന്ന് പലരും മനസ്സിലാക്കുന്നില്ല.

വിശ്വാസിയുടെ നാവിൽനിന്നും ശാപവാക്കുകൾ ഒരിക്കലും ഉതിരുകയില്ല. കാരണം അത് നബി പറഞ്ഞതുപോലെ 'വധത്തിനു തുല്യമാണ്.' "അല്ലാഹുവിന്റെ കോപം നിനക്കുണ്ടാവട്ടെ" എന്നുപറയുന്നത് അവനെ കത്തികൊണ്ട് വെട്ടിനുറുക്കിക്കൊല്ലുന്നതിന് സമമാണ്. ഇങ്ങനെ നോക്കുമ്പോൾ നാം നിത്യേന എത്രയെത്ര കൊലപാതകമാണ് ശാപത്തിലൂടെ ചെയ്യുന്നതെന്ന് ഓർക്കണം.

ശാപം അസ്ഥാനത്താണെങ്കിൽ അത് ശപിച്ചവനിലേക്ക് തിരിച്ചുവരുമെന്നും അവസാനം അവൻ ശപിക്കപ്പെട്ടവനായിത്തീരുമെന്നും ഹദീസിൽ വന്നിട്ടുണ്ട്. ശാപവാക്കുകളുടെ ഗൗരവത്തെയാണിത് കാണിക്കുന്നത്.

മനുഷ്യരെ മാത്രമല്ല, ഇതര ജീവികളെയും പ്രകൃതി പ്രതിഭാസങ്ങളെയും നാം ശപിക്കാറുണ്ട്. വെയിലിന് ചൂടേറിയാൽ, തണുപ്പ് കൂടിപ്പോയാൽ, കാറ്റ് വീശിയാൽ ശാപവാക്കുകൾ പ്രവഹിക്കുകയായി. ഇതെല്ലാം തെറ്റും കുറ്റവുമാണ്. പ്രഭാതവേളയിൽ കോഴി കൂവിയത്, ഒരു സ്വഹാബിയെ രോഷാകുലനാക്കി. ഉറക്കത്തിന് ഭംഗംവന്ന അയാൾ കോഴിയെ ശപിക്കാൻ തുടങ്ങി. പ്രവാചകൻ പറഞ്ഞു: "കോഴിയെ നിങ്ങൾ ശപിക്കരുത്. അത് നമസ്കാരത്തിനുവേണ്ടി വിളിച്ചുണർത്തുകയാണ്." ഇതേപോലെ നാശകാരിയായ കാറ്റടിച്ചാൽ അതിനെ ആക്ഷേപിക്കരുതെന്നും നന്മയുള്ള കാറ്റിനെ വരുത്തണമേ എന്ന് ആവശ്യപ്പെടണമെന്നും, കാറ്റിന്റെ ഉപദ്രവത്തിൽനിന്ന് രക്ഷതേടാൻ പ്രാർഥിക്കുകയാണ് വേണ്ടതെന്നും നബി(സ) ഉപദേശിച്ചതായി കാണാം.

ചരിത്രത്തിൽ തുല്യതയില്ലാത്ത ക്രൂരമർദനങ്ങളും കഠിന പീഡനങ്ങളുമാണ് മഹാനായ പ്രവാചകനും അനുയായികളും ആദ്യകാലത്ത് നേരിടേണ്ടിവന്നത്. മർദനങ്ങളുടെ നടുവിലും അവർ മനോധൈര്യത്തോടെ മുന്നേറി. എന്നാൽ, ശത്രുക്കൾ അവരുടെ അക്രമങ്ങൾക്ക് മൂർച്ച കൂട്ടിക്കൊണ്ടേയിരുന്നു. ശോചനീയമായ ഈ അവസ്ഥയിൽ അവർ ഒന്നടങ്കം പ്രവാചക സന്നിധിയിൽ വന്നു ബോധിപ്പിച്ചു. "നബിയേ, ഈ ക്രൂരമർദനങ്ങൾ ഏതുവരെ ഞങ്ങൾ സഹിക്കും? ഇതിനൊരു അറുതി വരുത്തണം. അതിന് ശത്രുക്കൾക്കെതിരെ അങ്ങ് ശാപപ്രാർഥന നടത്തണം. ഇനി വൈകിക്കൂടാ!"

അനുചരന്മാരുടെ അപേക്ഷ തൽക്ഷണം അംഗീകരിക്കേണ്ടതാണെങ്കിലും അവരെ സമാശ്വസിപ്പിച്ചുകൊണ്ട് പ്രവാചകൻ പറഞ്ഞു:

"നിങ്ങളുടെ വികാരം ഞാൻ നന്നായി മനസ്സിലാക്കിയിട്ടുണ്ട്. നിങ്ങൾ ക്ഷമിക്കുക. ശാപ പ്രാർഥന ഇതിന് പരിഹാരമായി കാണരുത്. ശത്രുക്കളോട് കരുണ കാട്ടുകയാണെന്റെ ദൗത്യം. ആരെയും ശപിക്കാൻ വന്നവനല്ല ഞാൻ."

പ്രപഞ്ചം മുഴുവൻ കാരുണ്യത്തിന്റെ പ്രഭപരത്തിയ പ്രവാചകന്റെ ഈ വാക്കുകൾ എപ്പോഴും നമ്മുടെ ഓർമയിലുണ്ടായിരിക്കട്ടെ. ■

**അബ്ദുൽ ജബ്ബാർ കൂരാരി**